LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിഗ്രാം അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

233 (600) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ട ഗാന്ധിഗ്രാം അഗ്രോ ബെയ്സ്ഡ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം വിറ്റ് സംഘത്തിന്റെ കടങ്ങൾ വീട്ടുന്നതിന്, ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവിൻമേൽ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ.

(ബി) സ്ഥലം വില്പന നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് വകുപ്പ തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഗാന്ധിഗ്രാം അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം വിറ്റ് കടങ്ങൾ വീട്ടുന്നതിന്, ബഹു. കേരള ഹൈക്കോടതിയിലെ ഉത്തരവനുസരിച്ച് കറവിലങ്ങാട് വില്ലേജ് ഓഫീസറുടെ കത്തും കറവിലങ്ങാട് സബ് രജിസ്ട്രാർ ഓഫീസറുടെ സർട്ടിഫിക്കറ്റും പരിശോധിച്ച് മേൽ കോടതി വിധിയനുസരിച്ച് തീരുമാനം കൈക്കൊള്ളാൻ സംഘം രജിസ്ട്രാർ ആയ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ നിലവിലെ അവസ്ഥ

234 (601) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും, പുനഃരുജ്ജീവിപ്പിച്ചിട്ടുണ്ടെന്നും പുതുതായി എത്ര എണ്ണം പൊതുമേഖലയിൽ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.